# ‘ദൈവത്തിൽതന്നെ വസിച്ചുനടക്കുക’

## 1 യോഹന്നാൻ2:6

**“അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടക്കേണ്ടതുപോലെ നടക്കേണ്ടതാകുന്നു”**

ദൈവപൈതലിന് ഒരു ‘നടപ്പ്’ ഉണ്ട്. ലോകം നയിക്കുന്ന ഒരു ജീവിതചര്യ അല്ല എന്ന് വചനം വ്യക്തമായി ഓർമ്മിപ്പിക്കുന്നു. ‘അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു’. അവനിൽ വസിക്കുന്നു എന്ന് പറയുകയും സ്വന്ത താല്പര്യം മാത്രം അനുസരിച്ച് ഓടുകയും ചെയ്യുന്ന ഒരു കൂട്ടത്തിന്റെ മധ്യത്തിലാണ് നാം ഇന്നായിരിക്കുന്നത്.

ദൈവവചനം നമ്മെ ഓരോരുത്തരെയും ശോധന ചെയ്യാൻ സഹായിക്കട്ടെ. ജീവിതത്തിൽ ഇപ്രകാരമുള്ള ഒരു നടപ്പ് മനുഷ്യന് ബുദ്ധിമുട്ടാകുന്നു. ദൈവവചനം ഓർമ്മിപ്പിക്കുന്നു. “അതേ, ലോകം ചിരിക്കുന്ന വിഷയങ്ങളിൽ നമുക്ക് ഒരുപക്ഷേ ചിരിക്കാനോ, സന്തോഷിക്കാനോ കഴിഞ്ഞെന്നു വരില്ല. ലോകം കരയുന്നതിൽ കരയാനും ചിലപ്പോൾ സാധിക്കില്ല.. സംസാരം, ഇടപെടലുകൾ, ചിന്തകൾ, കാഴ്ചപ്പാടുകൾ അങ്ങനെയെല്ലാം ഒരു ദൈവപൈതലിനെ ലോകത്തിൽ നിന്ന് വ്യത്യസ്ഥനാക്കണം. അപ്പോൾ ലോകത്തിന്റെ അംഗീകാരം തീർച്ചയായും കുറയും. അത് മറ്റ് ലോകമനുഷ്യരെപ്പോലെ ലഭിക്കാതെ വരുമ്പോൾ ദൈവപൈതലിന് സന്തോഷിക്കാൻ വകയുണ്ട്. കാരണം തന്റെ നടപ്പ് ദൈവത്തോടുകൂടെയാകുന്നു. ദിനം തോറും തന്റെ നടപ്പ് അഥവാ ജീവിതം ദൈവിക സന്തോഷത്തിലും സമാധാനത്തിലും തന്നെ ആകേണ്ടതിന് വചനം ആഹ്വാനം തരുന്നു. ‘അവനിൽ തന്നെ വസിക്കണം’.

ഒരു ദിവസത്തിന്റെ ഇരുപത്തിനാലു മണിക്കൂറും ദൈവത്തെ കൂടെ നടക്കാൻ നാം വിളിക്കും. എന്നാൽ ദൈവത്തോടുകൂടെ നടക്കാൻ പലപ്പോഴും പരാജയപ്പെടുന്ന അനുഭവങ്ങൾ ആകുന്നു. ഹാനോക്കിന്റെ ജീവിതം അതു നമ്മെ പഠിപ്പിക്കുന്നു. യോസേഫിന് വിവിധങ്ങളായ പ്രതികൂലങ്ങൾ മാത്രമായിരുന്നു ജീവിതത്തിൽ ഒന്നിനു പുറകെ ഒന്നായി കൂടെ ഉണ്ടായിരുന്നത്. അവിടെയും ദൈവസാന്നിധ്യത്തിൽ തന്നെ വസിക്കാൻ അവനു സാധിച്ചു. തന്റെ നടപ്പ് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ചന്തമോടെ, വെടിപ്പോടെ ക്രമീകരിക്കാൻ അവനു കഴിഞ്ഞു. അതേ ദൈവമക്കളേ, ദൈവത്തിൽ വസിക്കുന്നവൻ തീർച്ചയായും നടപ്പും ക്രമപ്പെടുത്തും’.

ദൈവത്തിൽ തന്നെയാണോ 'വാസം'? ഈ ചോദ്യത്തിനു മുമ്പിൽ നമ്മെത്തന്നെ ഒന്നു കൊടുക്കാം. മുന്തിരിവള്ളിയിൽ നിന്ന് മാറികിടക്കുന്ന കൊമ്പിന്റെ അനുഭവങ്ങളെ ഒന്ന് മിനുക്കുവാൻ, ചേർന്നു നിൽക്കുവാൻ പിതാവിന്റെ കൈയ്യിൽ ഭരമേൽപ്പിക്കാം. എവിടെ യൊക്കെ ദൈവത്തെകൂടാതെ നാം നടക്കാൻ ശ്രമിച്ച് പരാജയപ്പെട്ടോ അത് അവനിലുള്ള വാസം മാറിപ്പോകുമ്പോൾ മാത്രമാകുന്നു. ദൈവസാന്നിധ്യത്തിൽ തന്നെ വസിച്ചുകൊണ്ട് ജീവിതത്തെ ക്രമപ്പെടുത്താം. ചില മണിക്കൂറുകൾ പ്രാർത്ഥിക്കാൻ വേർതിരിക്കുമ്പോഴോ, പ്രാർത്ഥനാ യോഗങ്ങളിൽ ആയിരിക്കുമ്പോഴോ മാത്രമുള്ള ഒരു ദൈവികസാന്നിധ്യം അല്ല. ഹാനോക്കിനെപ്പോലെ ജീവിതം അവനോടുകൂടെ തന്നെ പറ്റിച്ചേർന്ന് നടത്താം. അതിന് ആത്മാവ് തുണ നിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**പരാമർശം :**

**എഫെസ്യർ 3:17,18,19**

**ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 099**